"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ് - കണ്ണൂർ ജില്ലയിലെ തലശ്ശേരി നിയോജക മണ്ഡലത്തിലെ മോന്താൽ നാരായണ പറമ്പ് റോഡിന്റെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയുടെ സാങ്കേതികാനുമതി എസ്റ്റിമേറ്റിൽ ഒളവിലം പാത്തിക്കൽ മോന്താൽ റോഡിന്റെ 300 മീറ്റർ ബ്രാഞ്ച് റോഡ് ഉൾപ്പെടുത്തിയ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.149/2026/F&P    തീയതി,തിരുവനന്തപുരം, 23-02-2026

---

പരാമർശം:-

1. സ.ഉ (സാധാ) നം. 752/2025/മ.തു.വ തീയതി 08.10.2025
2. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 10.02.2026ലെ എച്ച്.ഇ.സി.ഇ/300/2026/ഡി8 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ തലശ്ശേരി നിയോജക മണ്ഡലത്തിലെ മോന്താൽ നാരായണപറമ്പ് റോഡിന്റെ നിലവാരം ഉയർത്തുന്ന പ്രവൃത്തിക്ക് പരാമർശിത സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ഭരണാനുമതി എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായി സാങ്കേതികാനുമതി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഒളവിലം പാത്തിക്കൽ മോന്താൽ റോഡിന്റെ 300 മീറ്റർ ബ്രാഞ്ച് റോഡ് പ്രവൃത്തി നടത്തുന്നതിനുള്ള നടപടിക്ക് സാധൂകരണം നൽകണമെന്ന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശിത കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ തലശ്ശേരി നിയോജക മണ്ഡലത്തിലെ മോന്താൽ നാരായണ പറമ്പ് റോഡ് പ്രവൃത്തിയ്ക്കായി പരാമർശിത ഉത്തരവ് പ്രകാരം 230.90 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ സാഹചര്യത്തിൽ, ഭരണാനുമതി എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായി സാങ്കേതികാനുമതി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഒളവിലം പാത്തിക്കൽ മോന്താൽ റോഡിന്റെ 300 മീറ്റർ ബ്രാഞ്ച് റോഡ് പ്രവൃത്തി നടത്തിയ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SAMEER KUMAR O J
ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ് / എ & ഇ) കേരളം, തിരുവനന്തപുരം
ഡെപ്യൂട്ടി ഡയറക്ടർ , വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം. സി3/37/2026/മതുവ).

ഉത്തരവിൻ പ്രകാരം

Signed by
Sabitha Shiju
Date: 23-02-2026 14:40:31

സെക്ഷൻ ഓഫീസർ